**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 537** **06-12-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ ക്ഷാമാശ്വാസ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് അവസാനമായി ഡി.ആർ അനുവദിച്ചത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | 08.02.2021-ലെ സ.ഉ (പി) നം.25/2021/ധന നമ്പർ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് അവസാനമായി ഡി.ആർ അനുവദിച്ചത് |
| (ബി) | നിലവിൽ എത്ര ഗഡു ഡി.ആർ ആണ് കുടിശിക ആയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് ഏഴ് ശതമാനം ക്ഷാമാശ്വാസം ആണ് നിലവിൽ ലഭിക്കുന്നത്. 01.01.2021 മുതലുള്ള ഡി.ആർ കണക്കാക്കിയിട്ടില്ല. |
| (സി) | ആകെ എത്ര ശതമാനം ക്ഷാമാശ്വാസം ആണ് നിലവിൽ ലഭിക്കുന്നത്, എത്ര ശതമാനം കുടിശിക ആയിട്ടുണ്ട്, വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് ഏഴ് ശതമാനം ക്ഷാമാശ്വാസം ആണ് നിലവിൽ ലഭിക്കുന്നത്. 01.01.2021 മുതലുള്ള ഡി.ആർ കണക്കാക്കിയിട്ടില്ല. |
| (ഡി) | കുടിശിക ആയിരിക്കുന്ന ക്ഷാമാശ്വാസം കൂടി ചേർത്താൽ 01.07.2022 ൽ ഒരു പെൻഷനർക്ക് ആകെ എത്ര ശതമാനം ക്ഷാമാശ്വാസം ആണ് ലഭിക്കേണ്ടിയിരുന്നത് എന്നും നിലവിൽ എത്ര ആണ് ലഭിക്കുന്നത് എന്നും വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് ഏഴ് ശതമാനം ക്ഷാമാശ്വാസം ആണ് നിലവിൽ ലഭിക്കുന്നത്. 01.01.2021 മുതലുള്ള ഡി.ആർ കണക്കാക്കിയിട്ടില്ല. |
| (ഇ) | വിലക്കയറ്റം രൂക്ഷമായ ഈ സാഹചര്യത്തിൽ സർവീസ് പെൻഷൻ വാങ്ങുന്നവരുടെ ക്ഷാമാശ്വാസ കുടിശിക മുഴുവനായി അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കുമോ, വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് ക്ഷാമാശ്വാസം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (എഫ്) | സർവീസ് പെൻഷൻകാരുടെ പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള കുടിശിക മുഴുവനായി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഗഡു കുടിശികയുണ്ട്, വ്യക്തമാക്കാമോ; പെൻഷൻ പരിഷ്കരണ കുടിശിക അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ? | (എഫ്) | സർവീസ് പെൻഷൻകാരുടെ പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള കുടിശിക മുഴുവനായി അനുവദിച്ചിട്ടില്ല. ആകെ നാല് ഗഡു പെൻഷൻ പരിഷ്കരണ കുടിശികയിൽ ആദ്യ രണ്ട് ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. 02.12.2021-ലെ സ.ഉ. (അ) നം. 162/2021/ധന പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള സർക്കാർ ജീവനക്കാരുടെ പെൻഷൻ കുടിശികയുടെ മൂന്നും |

| | | | |
|---|---|---|---|
| | | | നാലും ഗഡുക്കൾ യഥാക്രമം 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ